**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3653** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസുകൾ നേരത്തെ ഓടിക്കൊണ്ടിരുന്ന റൂട്ടുകളിലാണോ നിലവിൽ സ്വിഫ്റ്റ് ബസുകൾ സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത സ്വിഫ്റ്റ് ബസുകളിൽ 116 എണ്ണം കെ.എസ്.ആർ.ടി.സി. ഓടിക്കൊണ്ടിരുന്ന ദീർഘദൂര റൂട്ടുകളിൽ സർവീസ് നടത്തുകയും, 50 ഇലക്ട്രിക് സ്വിഫ്റ്റ് ബസുകൾ കെ.എസ്.ആർ.ടി.സി.യുടെ സിറ്റി സർക്കുലർ റൂട്ടുകളിൽ നിലവിൽ സർവീസ് നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | നേരത്തെ കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കൊണ്ടിരുന്ന റൂട്ടുകളിൽ സ്വിഫ്റ്റിൽ നിന്നുള്ള ബസുകളെയും ജീവനക്കാരെയും ലഭ്യമാക്കി സർവീസ് നടത്തുമ്പോൾ ഈ റോഡുകളിൽ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളെയും അവയിലെ ജീവനക്കാരെയും ഏതുതരത്തിലാണ് പുനർവിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് ആരംഭിച്ചതിനെ തുടർന്ന് ലഭ്യമായിട്ടുള്ള അധിക ബസ്സുകളെയും ജീവനക്കാരെയും ഉപയോഗിച്ച് അതാത് ഡിപ്പോകളിലെ മറ്റ് സർവ്വീസുകൾക്ക് വിനിയോഗിച്ചിട്ടുണ്ട്.<br><br>കൂടാതെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ MTW Act പ്രകാരമുള്ള ഡ്യൂട്ടി ക്രമം ഏർപ്പെടുത്തി വരികയാണ്. ഇതിലൂടെ ബസ്സുകളുടെയും ജീവനക്കാരുടെയും മെച്ചപ്പെട്ട പുനർവിന്യാസം സാധ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇവരെ പുനർവിന്യസിക്കുന്നതിനായി കെ.എസ്.ആർ.ടി.സി പുതിയ റൂട്ടുകളോ സേവനങ്ങളോ ആരംഭിക്കുകയുണ്ടായോ; വിശദാംശം അറിയിക്കുമോ; | (സി) | സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് ആരംഭിച്ചതിനെ തുടർന്ന് ലഭ്യമായിട്ടുള്ള അധിക ബസ്സുകളെയും ജീവനക്കാരെയും ഉപയോഗിച്ച് അതാത് ഡിപ്പോകളിലെ മറ്റ് സർവ്വീസുകൾക്ക് വിനിയോഗിച്ചിട്ടുണ്ട്.<br><br>കൂടാതെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ MTW Act പ്രകാരമുള്ള ഡ്യൂട്ടി ക്രമം ഏർപ്പെടുത്തി വരികയാണ്. ഇതിലൂടെ ബസ്സുകളുടെയും ജീവനക്കാരുടെയും മെച്ചപ്പെട്ട പുനർവിന്യാസം സാധ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മുൻപ് കെ.എസ്.ആർ.ടി.സി. സർവീസ് | (ഡി) | നിലവിൽ KSRTC-SWIFTൽ നിന്ന് ലഭ്യമായ |

| | | | |
|---|---|---|---|
| | നടത്തിയിരുന്ന എത്ര റൂട്ടുകളിലാണ് നിലവിൽ സ്വിഫ്റ്റ് ബസുകൾ സർവീസ് നടത്തുന്നത്; ഇതിനായി എത്ര സ്വിഫ്റ്റ് ബസുകളുടെ സേവനമാണ് നിലവിൽ കെ.എസ്.ആർ.ടി.സി. ഉപയോഗപ്പെടുത്തുന്നത്; | | ബസ്സുകളിൽ KSRTCയുടെ ദീർഘദൂര റൂട്ടുകളിൽ 116 ബസുകളും സിറ്റി സർക്കുലർ റൂട്ടുകളിൽ 50 ഇലക്ട്രിക് ബസുകളും സർവീസ് നടത്തുന്നുണ്ട്.<br><br>തിരുവനന്തപുരം - ബാംഗ്ലൂർ,<br><br>എറണാകുളം - ബാംഗ്ലൂർ,<br><br>കോഴിക്കോട് - ബാംഗ്ലൂർ,<br><br>പയ്യന്നൂർ - ബാംഗ്ലൂർ,<br><br>എറണാകുളം - കൊല്ലൂർ,<br><br>പത്തനംതിട്ട - ബാംഗ്ലൂർ,<br><br>പത്തനംതിട്ട - മംഗലാപുരം,<br><br>തിരുവനന്തപുരം - പളനി,<br><br>കോട്ടയം - ബാംഗ്ലൂർ,<br><br>മൂന്നാർ - ബാംഗ്ലൂർ,<br><br>കണ്ണൂർ - മധുര,<br><br>തൃശ്ശൂർ - ബാംഗ്ലൂർ,<br><br>നിലമ്പൂർ - ബാംഗ്ലൂർ,<br><br>തലശ്ശേരി - ബാംഗ്ലൂർ,<br><br>പാല - ബാംഗ്ലൂർ,<br><br>തിരുവല്ല - ബാംഗ്ലൂർ<br><br>എന്നീ റൂട്ടുകളിൽ കാലപ്പഴക്കം ചെന്ന കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പകരമായി എ.സി. സ്ലീപ്പർ, എ.സി. സീറ്റർ, സൂപ്പർ ഡീലക്സ് പോലുള്ള ഉയർന്ന ശ്രേണിയിലുള്ള 116 എണ്ണം KSRTC-SWIFT ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നു. |
| (ഇ) | കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത് എന്നുമുതൽക്കാണ്; സ്വിഫ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനും ആഡിറ്റ് ചെയ്യുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | 19.02.2021-ലെ G.O (MS) No.7/2021/TRANS നമ്പർ ഉത്തരവ് പ്രകാരം പുതിയതായി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന പേരിൽ രൂപീകരിച്ച KSRTC-SWIFT ന്റെ ആദ്യ സർവ്വീസ് 2022 ഏപ്രിൽ 11 ഉടക്കം കുറിച്ചു.<br><br>സ്വിഫ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനായി കെ.എസ്.ആർ.ടി.സിയുടെ ജനറൽ മാനേജർ (ഫിനാൻസ്)-ന് സ്വിഫ്റ്റിന്റെ അസിസ്റ്റന്റ് ജനറൽ |

| | | | |
|---|---|---|---|
| | | | മാനേജർ (ഫിനാൻസ്)-ന്റെ അധിക ചുമതലയും, കെ.എസ്.ആർ.ടി.സി.യുടെ ഡെപ്യൂട്ടി മാനേജർ (അക്കൗണ്ട്സ്)-ന് സ്വിഫ്റ്റിന്റെ മാനേജർ അക്കൗണ്ട്സ്-ന്റെ ചുമതലയും നൽകി കണക്കുകൾ തയ്യാറാക്കി വരുന്നു. |
| (എഫ്) | പ്രസ്തുത ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടുള്ള കണക്കുകൾ പ്രകാരം സ്വിഫ്റ്റിന്റെ നാളിതുവരെയുള്ള ആകെ വരുമാനവും ചെലവും എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ